## പോലീസ് വകുപ്പിലെ വാഹനങ്ങളിൽ ഇന്ധനം നിറച്ച വകയിലുള്ള കുടിശ്ശിക

188 (6337) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ പോലീസ് വകുപ്പിലെ വാഹനങ്ങളിൽ ഇന്ധനംനിറച്ച വകയിൽ പെട്രോൾ പമ്പുകൾക്ക് നൽകേണ്ട തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത തുക നൽകുന്നതിൽ കുടിശ്ശിക വന്നിട്ടുണ്ടോ ;

(സി) നിലവിൽ എത്ര രൂപ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) പെട്രോൾ പമ്പുകൾക്ക് 5,50,20,676 രൂപ (അഞ്ച് കോടി അൻപത് ലക്ഷത്തി ഇരുപതിനായിരത്തി അറുനൂറ്റി എഴുപത്തി ആറ് രൂപ) കുടിശ്ശികയിനത്തിൽ നൽകേണ്ടതായിട്ടുണ്ട്.

## പോലീസ് വകുപ്പിൽ ഡിവൈ.എസ്.പി.റാങ്കിന് മുകളിലുള്ള പോലീസുദ്യോഗസ്ഥർ

189 (6338) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് വകുപ്പിൽ ഡിവൈ.എസ്.പി. റാങ്കിനുമുകളിലുള്ള ഉദ്യോഗസ്ഥർ എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ പിന്നോക്ക-പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലുള്ള എത്ര ഉദ്യോഗസ്ഥരാണുള്ളതെന്ന കണക്ക് ലഭ്യമാക്കുമോ ;

(സി) ആഭ്യന്തര വകുപ്പിൽ കായികരംഗത്തെപ്പോലെ കലാരംഗത്തും ദേശീയ തലത്തിൽ സംഭാവന നൽകിവരുന്നുണ്ടോ ;

(ഡി) കായികതാരങ്ങൾക്ക് പ്രൊമോഷൻ നൽകുന്നതിലുള്ള മാനദണ്ഡങ്ങളിലെ ഇളവ് ഇവർക്ക് ബാധകമാണോ ;

(ഇ) ഇവരുടെ സംഭാവനകൾ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(എഫ്) ഇല്ലെങ്കിൽ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഡിവൈ.എസ്.പി. റാങ്കിനുമുകളിലുള്ള 164 ഉദ്യോഗസ്ഥർ സംസ്ഥാനത്ത് നിലവിലുണ്ട്.

(ബി) ഇതിൽ 42 പേർ പിന്നോക്ക, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.

(ഡി-എഫ്) ബാധകമല്ല.

**തീരദേശപോലീസ് സ്റ്റേഷനുകളിലെ എസ്.ഐ.-മാരുടെ ഒഴിവുകൾ**

**190 (6339)** ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തീരദേശ പോലീസ് സ്റ്റേഷനുകളിൽ എത്ര എസ്. ഐ.-മാരുടെ ഒഴിവുകൾ നിലവിലുണ്ട് ;

(ബി) തീരദേശ പോലീസ് സ്റ്റേഷനുകളിൽ എസ്. ഐ.-മാരുടെ തസ്തികകൾ അനുവദിച്ചത് സംബന്ധിച്ച 6-2-2009-ലെ 17/09/Home നമ്പർ ഉത്തരവും അതിനുശേഷമുള്ള ഉത്തരവുകളുടെയും പകർപ്പ് ലഭ്യമാക്കാമോ ;

(സി) നിലവിലുള്ള എല്ലാ തീരദേശ പോലീസ് സ്റ്റേഷനിലെ എസ്. ഐ.- മാരുടെ ഒഴിവുകളും പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുവാനും ഒഴിവുകൾ നികത്തുവാനുമുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 6 (ആറ്) എസ്.ഐ.-മാരുടെ ഒഴിവുകൾ നിലവിലുണ്ട്.

(ബി) സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**എ. ആർ. സബ് ഇൻസ്പെക്ടർമാരുടെ തസ്തികകൾ**

**191 (6340)** ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ പോലീസിൽ ഇക്കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ പുതിയതായി എത്ര ഡി. പി. ഒ.-കൾ നിലവിൽ വന്നുവെന്നും ആയതിലേക്ക് പുതിയതായി എത്ര എ. ആർ. സബ് ഇൻസ്പെക്ടർമാരുടെ തസ്തികകൾ സൃഷ്ടിക്കപ്പെട്ടുവെന്നും ജില്ല തിരിച്ച് അറിയിക്കുമോ ;

(ബി) പ്രസ്തുത തസ്തികകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ ;

(സി) ആറുമാസത്തിലധികമായി ദീർഘകാലാവധിയിൽ പ്രവേശിച്ചിരിക്കുന്ന എത്ര എ. ആർ. സബ് ഇൻസ്പെക്ടർമാർ നിലവിൽ സംസ്ഥാനത്തെ എല്ലാ ജില്ലാ ആംഡ് റിസർവ്വുകളിലുമായിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ഡി) ഇത്തരം ദീർഘകാലാവധി വിവരങ്ങൾ കെ. പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly